(ബി) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്കവിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം ആവശ്യമാണെന്നത് മുൻനിർത്തിയാണ് ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായുള്ള മൂന്നംഗ കമ്മീഷനെ സർക്കാർ നിയമിച്ചത്. അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് താഴെ പറയുന്നവയായിരുന്നു :

(i) സംസ്ഥാന സർക്കാരിന് കീഴിലും പൊതുമേഖലാ സ്ഥാപനങ്ങളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങളിലും പിന്നോക്കവിഭാഗങ്ങളിലെ ജീവനക്കാർക്ക് മതിയായ പ്രാതിനിധ്യം ഉണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

(ii) ടി വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റ് സംഗതികളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

(സി & ഡി) റിപ്പോർട്ട് പരിഗണനയിലാണ്.

കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ സംരക്ഷണം

79. [844] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഭാഷാ ന്യൂനപക്ഷമായ കന്നട ഭാഷക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഭാഷാ ന്യൂനപക്ഷങ്ങളുടെ പരാതികളിൽ നടപടികൾക്കായി കാസറഗോഡ് കലക്ടറേറ്റിൽ കന്നട ഭാഷാ ന്യൂനപക്ഷ സെൽ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കമുള്ള റവന്യൂ, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിൽ ഫോറങ്ങളും നോട്ടീസുകളും മറ്റും കന്നടഭാഷയിൽ ലഭ്യമാക്കുന്നു. മറ്റു വകുപ്പുകളിലും ഇവ കന്നട ഭാഷയിൽ ലഭ്യമാക്കുന്നതിനു ആവശ്യമായ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. കാസറഗോഡ് താലൂക്കിൽ റേഷൻ കാർഡുകൾ കന്നട/ മലയാളം ഭാഷയിൽ വിതരണം ചെയ്യുന്നു. സ്ഥലനാമങ്ങൾ, ബസ് റൂട്ടുകൾ, സർക്കാർ ഓഫീസുകളുടെ ബോർഡുകൾ എന്നിവ കന്നട ഭാഷയിലും പ്രദർശിപ്പിക്കുന്നു. താലൂക്കിൽ വോട്ടേഴ്സ് ലിസ്റ്റ് കന്നട ഭാഷയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ ആഫീസുകളിൽ കന്നട ഭാഷാ പരിജ്ഞാനമുള്ള എൽ.ഡി. ക്ലാർക്കുമാരുടെ തസ്തിക നിജപ്പെടുത്തിയിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ ഭാഷാ ന്യൂനപക്ഷ സമിതി പ്രവർത്തിക്കുന്നു. കന്നട ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ നൽകുന്നതിനുള്ള സംവിധാനവും കാസറഗോഡ്, മഞ്ചേശ്വരം ഗവൺമെന്റു കോളേജുകളിൽ 5% സീറ്റ് സംവരണം, കാസറഗോഡ്, ഉദുമ പ്രദേശങ്ങളിലെ പ്ലസ് ടു സ്കൂളുകളിൽ ഭാഷാ ന്യൂനപക്ഷത്തിന് 5% സീറ്റ് സംവരണം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly